നം.എച്ച്.1/38613/2012/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: **27.09.2012.**

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - വിദ്യാഭ്യാസ അവകാശ നിയമം - ഗവൺമെന്റ് സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മറ്റികളുടെ രൂപീകരണവും പ്രവർത്തനവും - സംബന്ധിച്ച്.

വായന:- 1. 30/04/2011-ലെ ഗവ: ഉത്തരവ് (പി) നമ്പർ 100/2011-ലെ നോട്ടിഫിക്കേഷൻ.
2. 16/05/2012-ലെ ഗവ: കത്ത് നമ്പർ ജെ1/75133/11.
3. 20/06/2012-ലെ എച്ച്1/38613/12-ാം നമ്പർ സർക്കുലർ.

...............

വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മറ്റികളുടെ രൂപീകരണവും, പ്രവർത്തനങ്ങളും സംബന്ധിച്ച് വായന (3) പ്രകാരം ഇറങ്ങിയ സർക്കുലറിൽ ചുവടെ കൊടുത്തിട്ടുളള ഭേദഗതി വരുത്തിയതായി അറിയിക്കുന്നു.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എല്ലാ രക്ഷകർത്താക്കളും ഉൾക്കൊളളുന്ന 'ജനറൽ ബോഡി യോഗത്തിൽ' നിന്നായിരിക്കണം പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടത്. പ്രസ്തുത തെരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാൻ ഹെഡ്മാസ്റ്റർമാരും വിദ്യാഭ്യാസ ഓഫീസർമാരും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ജനറൽ ബോഡി യോഗത്തിൽ നിന്നും തെരഞ്ഞെടുക്കാതെ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റി റദ്ദാക്കി പുതിയ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

**പകർപ്പ്:**

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
   (എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
   (എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർമാർ മുഖേന)
4. എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും. (ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
5. സൂക്ഷിപ്പ് ഫയൽ.

ഐ.സി.എസ്.27.09.12.